# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യ നമ്പർ -672 | | 04.03.2020 ലെ മറുപടിയ്ക്ക് | |
|---|---|---|---|
| **അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി** | | | |
| **ചോദ്യം** | | **ഉത്തരം** | |
| ശ്രീ മഞ്ഞളാംകുഴി അലി | | **എ.കെ ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ<br>പിന്നോക്കസമുദായക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും<br>വകുപ്പമന്ത്രി)** | |
| (എ) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പൂളക്കുഴി, നെല്ലിയാംകുന്ന് കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്നുമറിയിക്കാമോ; | (എ) | പൂളക്കുഴി കോളനിയിൽ കുടിവെള്ള പദ്ധതി പൂർത്തീകരിക്കാനുണ്ട്. നെല്ലിയാംകുന്ന് കോളനിയിലെ കമ്മ്യൂണിറ്റി ഹാൾ, കുടിവെള്ള പദ്ധതി എന്നീ പ്രവൃത്തികളും പൂർത്തീകരിക്കാനുണ്ട്. |
| (ബി) | പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി എന്നുവരെയാണ്, നിഷ്കർഷിച്ചിട്ടുള്ള സമയപരിധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിയ്ക്കുന്നുണ്ടോ, എങ്കിൽ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിന് ആരെയെല്ലാമാണ് ചുമതല പ്പെടുത്തിയിട്ടുള്ളത്, പ്രവൃത്തി ത്വരിത പ്പെടുത്തുന്നതിന് ഈ ഉദ്യോഗസ്ഥർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് തുടങ്ങിയ വിവരങ്ങൾ വിശദമാക്കാമോ; | (ബി)<br>&<br>(സി) | കരാർ ഒപ്പ വച്ച് ആറ് മാസത്തിനുള്ളിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ടി രണ്ട് കോളനികളിലും അടിയന്തിരമായി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഏജൻസിയ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ തലങ്ങളിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ ചേർന്ന് നിർമ്മാണ പുരോഗതി വിലയിരുത്തുന്നു. കൂടാതെ അംബേദ്കർ ഗ്രാമം വികസന പദ്ധതി പ്രകാരം രൂപീകരിച്ച കോളനിയിലെ മോണിറ്ററിംഗ് കമ്മിറ്റിയും പദ്ധതിയുടെ അവലോകനം നടത്തുന്നുണ്ട്. |
| (സി) | പ്രസ്തുത കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുമോ? | | |

സെക്ഷൻ ഓഫീസർ